**ഭരണഭാഷ മാതൃഭാഷ**

# കേരള സർക്കാർ

## ധനകാര്യ (രഹസ്യ) വകുപ്പ്

## <u>സർക്കുലർ</u>

നം.20/2021/ധന. തീയതി, തിരുവനന്തപുരം, 04.03.2021.

വിഷയം :- കോവിഡിന്റെ പശ്ചാത്തലത്തിൽ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ശമ്പളത്തിൽ നിന്നും മാറ്റിവച്ച തുക തിരികെ നൽകുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന :-
1. സ.ഉ.(അ) നം.53/2020/ധന. തീയതി 30.04.2020.
2. സ.ഉ.(അ) നം.140/2020/ധന. തീയതി 25.10.2020.
3. ട്രഷറി ഡയറക്ടറുടെ 21.01.2021-ലെ TRY/160/2021-E1 നമ്പർ കത്ത്
4. സ.ഉ.(അ) നം.43/2021/ധന. തീയതി 26.02.2021.

കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ ഉടലെടുത്ത സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുന്നതിന്റെ ഭാഗമായി സൂചന 1 പ്രകാരമുള്ള സർക്കാർ ഉത്തരവ് അനുസരിച്ച് ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ശമ്പളത്തിന്റെ ഒരു ഭാഗം മാറ്റിവയ്ക്കുകയും അപ്രകാരം മാറ്റിവച്ച ശമ്പളം തിരകെ നൽകുന്നത് സംബന്ധിച്ച വിശദമായ മാർഗ്ഗരേഖ സൂചന 2, 4 എന്നീ സർക്കാർ ഉത്തരവുകൾ മുഖേന പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. മേൽപരാമർശം 3 പ്രകാരം, ശമ്പളം മാറ്റിവെക്കലിന്റെ ഭാഗമായി പ്രത്യേക ട്രഷറി അക്കൗണ്ടിൽ പൊതുമേഖലാ സ്ഥാപനങ്ങൾ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സ്റ്റാറ്റ്യൂട്ടറി സ്ഥാപനങ്ങൾ, ക്ഷേമനിധി ബോർഡുകൾ, വിവിധ കമ്മിഷനുകൾ, യൂണിവേഴ്സിറ്റികൾ എന്നിവിടങ്ങളിലെ ജീവനക്കാരുടെ മാറ്റിവച്ച ശമ്പളം നിക്ഷേപിക്കുകയുണ്ടായെന്നും ആയത് തിരികെ നൽകുന്നതുമായി ബന്ധപ്പെട്ട് മാർഗ്ഗ നിർദ്ദേശം നൽകണമെന്നും ട്രഷറി ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ ഉടൻ പ്രാബല്യത്തിൽ പുറപ്പെടുവിക്കുന്നു.

30.04.2020-ലെ സർക്കാർ ഉത്തരവ് ഖണ്ഡിക 2-ന് വിധേയമായി ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും മാറ്റിവെച്ച ഭാഗം പലിശ രഹിത പ്രത്യേക ട്രഷറി അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്ന സ്ഥാപനങ്ങൾക്ക് തുക തിരികെ ലഭിക്കുന്നതിനായി ബന്ധപ്പെട്ട സ്ഥാപനങ്ങളിലെ ഡി.ഡി.ഒ-മാർ/അക്കൗണ്ടുടമകൾ ഇക്കാര്യം വ്യക്തമാക്കി അപേക്ഷ ട്രഷറി ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്. അപേക്ഷയോടൊപ്പം സൂചന 4 ലെ സർക്കാർ ഉത്തരവിന് വിധേയമായുള്ള സ്വയം വിശദീകരിക്കുന്ന ഡി.ഡി.ഒ./അക്കൗണ്ടുടമയുടെ നടപടിക്രമം കൂടി ഉള്ളടക്കം ചെയ്യേണ്ടതാണ്. ആയത് ട്രഷറി ഓഫീസർമാർ കൃത്യമായി പരിശോധിച്ച് മേൽപരാമർശം 4 പ്രകാരമുള്ള സർക്കാർ ഉത്തരവിന് വിധേയമായി സ്ഥാപനത്തിന്റെ/സ്ഥാപനം നിർദേശിക്കുന്ന ട്രഷറി അക്കൗണ്ടിലേയ്ക്ക് / ബാങ്ക് അക്കൗണ്ടിലേയ്ക്ക് തുക കൈമാറേണ്ടതാണ്. മേൽ ക്രയവിക്രയത്തെ ഓൺലൈൻ submission-ൽനിന്നും നിലവിലുള്ള ട്രഷറി നിയന്ത്രണങ്ങളിൽനിന്നും ഒഴിവാക്കിയിരിക്കുന്നു.

**പ്രീത ബി.എസ്.**

അഡീഷണൽ സെക്രട്ടറി (ധനകാര്യം)

പകർപ്പ് :-

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ. & ഇ.) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II) കേരള, തിരുവനന്തപുരം.
എല്ലാ വകുപ്പ് / ഓഫീസ് തലവൻമാർക്കും
നിയമം ഉൾപ്പെടെ സെക്രട്ടറിയേറ്റിലെ എല്ലാ വകുപ്പുകൾക്കും.
ട്രഷറി ഡയറക്ടർ, ട്രഷറി ഡയറക്ടറേറ്റ്, തിരുവനന്തപുരം.
സെക്രട്ടറി, കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം.
രജിസ്ട്രാർ,കേരള സർവ്വകലാശാല/കൊച്ചി /കോഴിക്കോട് / മഹാത്മഗാന്ധി / കണ്ണൂർ / കേരള കാർഷിക സർവ്വകലാശാല / ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല / മലയാളം സർവ്വകലാശാല / ആരോഗ്യ സർവ്വകലാശാല / സാങ്കേതിക സർവ്വകലാശാല.
എല്ലാ സെക്രട്ടറിമാർക്കും, അഡീഷണൽ സെക്രട്ടറിമാർക്കും, ജോയിന്റ് സെക്രട്ടറിമാർക്കും, ഡെപ്യൂട്ടി സെക്രട്ടറിമാർക്കും, അണ്ടർ സെക്രട്ടറിമാർക്കും.
ഗവർണറുടെ സെക്രട്ടറി, മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി,
മറ്റ് മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
ചീഫ് വിപ്പിന്റെ പ്രൈവറ്റ് സെക്രട്ടറി, പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറി
സ്പീക്കറുടെ / ഡെപ്യൂട്ടി സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി.
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് വകുപ്പ്.
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറി.
എല്ലാ സർക്കാർ കമ്പനികളുടേയും / ബോർഡ് / കോർപ്പറേഷനുകൾ / പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയുടെ മാനേജിംഗ് ഡയറക്ടർ / ജനറൽ മാനേജർക്കും
നോഡൽ ഓഫീസർ, www.finance.kerala.gov.in
ഓഫീസ് പകർപ്പ് / സൂക്ഷിപ്പ് ഫയൽ (E 1693844).

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ